**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 25.10.2025

# കണ്ണൂർ ആർ.ടി ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണക്കിൽപ്പെടാത്ത തുകയുമായി ഏജന്റുമാർ പിടിയിൽ

കണ്ണൂർ ആർ.ടി ഓഫീസിൽ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങളെ ആർ.ടി ഓഫീസിന് പുറത്ത് യഥേഷ്ടം ഇടപെടുന്ന ഏന്റുമാർ സമീപിച്ച് പണം വാങ്ങി സേവനങ്ങൾ നടത്തി കൊടുക്കുന്നതായും ആയതിന് ആർ.ടി ഓഫീസിലെ ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നതായും വിജിലൻസിന് വിവരം ലഭിച്ചിരുന്നു. ആർ ടി ഓഫീസിന് പുറത്ത് പൊതുജനങ്ങളെ സഹായിക്കുന്നതിനായുള്ള കിയോസ്ക് കൗണ്ടറിന് സമീപം ഈ ഏജന്റുമാർ ഇരിക്കുന്നതായും ആ സമയം കൗണ്ടറിൽ അന്വേഷണത്തിനായി വരുന്ന ആളുകളെ ഇവർ ക്യാൻവാസ് ചെയ്ത് വൻതുകകൾ കൈപ്പറ്റി കാര്യങ്ങൾ നടത്തിക്കൊടുക്കുന്നതായും വിജിലൻസിന് വിവരം ഉണ്ടായിരുന്നു. ഉദ്യോഗസ്ഥർ വേണ്ട രീതിയിലുള്ള നടപടികൾ സ്വീകരിക്കാതെയും നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെയും ഏജൻറ് മാരെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യാപകമായ ആക്ഷേപവും ഉണ്ടായിരുന്നു. ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഇന്ന് (25.10.2025) കണ്ണൂർ ആർ.ടി ഓഫീസിൽ ഒരു മിന്നൽ പരിശോധന നടത്തി. വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ, ആറ് ഏജന്റുമാരുടെ കൈവശത്തു നിന്നും ഉദ്യോഗസ്ഥർക്ക് നൽകാനായി സൂക്ഷിച്ചിരുന്ന കണക്കിൽപ്പെടാത്ത 67,500 രൂപ വിജിലൻസ് പിടികൂടി. ഒരു ആർ.ടി ഓ എജന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർക്ക് 2400 രൂപ ഗൂഗിൾ-പേ വഴി അയച്ചു കൊടുത്തതിന്റെ സ്ക്രീൻ ഷോട്ടും വോയിസ് മെസ്സേജും വിജിലൻസ് കണ്ടെത്തി. ഉച്ചക്ക് 12.30 മണിക്ക് ആരംഭിച്ച മിന്നൽ പരിശോധന വൈകിട്ട് 5.15 ന് അവസാനിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.